പൊതുസ്ഥലത്ത് നിർമ്മാണപ്രവർത്തനം

111 [1633] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്ത് ഭരണ സമിതികൾക്ക് സർക്കാരിന്റെ അനുമതി ഇല്ലാതെ പൊതു സ്ഥലത്ത് (റവന്യൂ ഭൂമി, പി. ഡബ്ലിയു. ഡി. ഭൂമി, പഞ്ചായത്ത് സംരക്ഷണയിലുള്ള പുറംമ്പോക്ക് ഭൂമി) പൊതു ആവശ്യത്തിനോ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്കോ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് സ്ഥലം അനുവദിച്ചു നൽകാൻ അധികാരമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഇങ്ങനെ അനുമതി ഇല്ലാതെ ഏതെങ്കിലും ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ ഗ്രാമപഞ്ചായത്തിന്റെ അറിവോടെ ഈ രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അധികാര വികേന്ദ്രീകരണ ആക്ട്

112 [1634] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണ ആക്ട് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആക്ട് എന്നാണ് പാസ്സാക്കിയതെന്നും അതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ആക്ടിന് അനുബന്ധമായ ചട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ ;

(ഇ) അധികാര വികേന്ദ്രീകരണത്തിന്റെ കാര്യക്ഷമത നിലനിറുത്തുവാൻ എത്രയും വേഗം ആവശ്യമായ ചട്ടങ്ങൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2000-ലെ കേരള അധികാര വികേന്ദ്രീകരണ ആക്ടിന് (2000-ലെ 16 2000 മേയ് 9-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2000 മേയ് 12-ാ തീയതിയിലെ അസാധാരണ ഗസറ്റിൽ 869-ാം നമ്പരായി പ്രസിദ്ധീകരിക്കുകയു ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കാര്യക്ഷമമായ അധികാരങ്ങൾ വികേന്ദ്രീകരിച്ച് നൽകുന്നതിനും ഭരണപരവും, നിയമപരവുമായി കൈക്കൊ ള്ളേണ്ട നടപടികളെ സംബന്ധിച്ച് ശുപാർശകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് സർക്കാർ നിയമിച്ച അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിഗണിക്കുകയു പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനും, അധികാര വികേന്ദ്രീകരണം സംബന്ധിച്ച് കേരള സർക്കാരിന്റെ ചില നിർദ്ദേശങ്ങൾക്കും അവയുമായി ബന്ധപ്പെട്ടതും ആനുഷംഗികവുമായ കാര്യങ്ങൾക്കും പ്രാബല്യം നൽകുന്നതിനുവേണ്ടി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ ചില വ്യവസ്ഥകൾ നിലവിലുള്ള 34 നിയമങ്ങൾ ഭേദഗതി ചെയ്ത് ഉൾപ്പെടുത്തുകയും നിലവിലുള്ള 3 നിയമങ്ങൾ റദ്ദാക്കുകയും, ഗ്രാമവികസന ബോർഡിന്റെ ആസ്തികളും, ബാദ്ധ്യതകളു സർക്കാരിലേയ്ക്ക് കൈമാറ്റം ചെയ്തുകൊണ്ടും 2000-ലെ കേരള അധികാരവികേന്ദ്രീകരണ ആക്ട് (2000-ലെ 16) പുറപ്പെടുവിക്കുകയുണ്ടായി.

(സി), (ഡി) ആന്റ് (ഇ) 2000-ലെ അധികാര വികേന്ദ്രീകരണ ആക്ട് (2000-ലെ 16) പ്രകാരം ഭേദഗതി ചെയ്ത നിലവിലുള്ള 34 ആക്ടുകളുടെ കീഴിൽ, ടി ഭേദഗതികൾക്ക് അനുയോജ്യമാം വിധം ചട്ടങ്ങൾ തയ്യാറാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

ഗ്രാമങ്ങൾ ദത്തെടുത്ത് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നടപടി

113 [1636] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമങ്ങൾ ദത്തെടുത്ത് വികസന പ്രവർത്തനങ്ങൾ പ്രത്യേകമായി ആരംഭിക്കുന്ന പരിപാടി സ്വീകരിക്കുമോ ;

(ബി) എത്ര ഗ്രാമ പഞ്ചായത്തുകളാണ് ഇങ്ങനെ തൃശ്ശൂർ ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്;

(സി) അടാട്ട് പഞ്ചായത്ത് ഇങ്ങനെ തെരഞ്ഞെടുത്ത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏത് വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly